**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 227** **16-09-2025-ൽ മറുപടിയ്ക്ക്**

**<u>കോട്ടയം മെഡിക്കൽ കോളേജിൽ കെട്ടിടം തകർന്നു വീണ് സ്ത്രീ മരിച്ച സംഭവം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. ടി. സിദ്ദീഖ്

ശ്രീ. ചാണ്ടി ഉമ്മൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കോട്ടയം മെഡിക്കൽ കോളേജിൽ കെട്ടിടം തകർന്നു വീണ് സ്ത്രീ മരിച്ച സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഒരു കെട്ടിടത്തിന്റെ ടൊയിലറ്റ് ബ്ലോക്ക് ഇടിഞ്ഞു വീണ് 03.07.2025 -ന് മരണപ്പെട്ട വൈക്കം സ്വദേശിനി ബിന്ദു വിശ്രുതന്റെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും Rs.10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിച്ച് 14.07.2025 തീയതിയിൽ സ.ഉ.(കൈ) നം. 212/2025/RD ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

രോഗീ സുരക്ഷ, സൗകര്യങ്ങളുടെ തയ്യാറെടുപ്പ്, ഇത്തരത്തിലുള്ള സംഭവങ്ങളുടെ ആവർത്തനം തടയൽ എന്നിവ ലക്ഷ്യമാക്കി സത്വര, ഹ്രസ്വകാല, ദീർഘകാല നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**1. സത്വര നടപടികൾ**

- സംഭവം നടന്ന ഉടൻ തന്നെ രക്ഷാപ്രവർത്തനം ആരംഭിച്ചു.
- 343 രോഗികളെ മൂന്ന് വാർഡുകളിൽ നിന്നും സുരക്ഷിതമായി ഒഴിപ്പിച്ച് മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റി.
- മന്ത്രിമാർ സ്ഥലം സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ പോലീസ്, ഫയർഫോഴ്സ്, പി.ഡബ്ല്യു.ഡി. എന്നിവർ ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു. ബഹു: മുഖ്യമന്ത്രിയും അതേദിവസം സ്ഥലം സന്ദർശിച്ച് സ്ഥിതി വിലയിരുത്തി.
- രോഗികളെ പുതുതായി നിർമ്മിച്ച സർജിക്കൽ ബ്ലോക്കിലേക്ക് ഘട്ടം ഘട്ടമായി മാറ്റി. HITES, KMSCL, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ആശുപത്രി ഭരണസമിതി എന്നിവർ തുടർച്ചയായി സ്ഥിതിഗതികൾ വിലയിരുത്തി രോഗീപരിചരണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചു.

**2. ഹ്രസ്വകാല നടപടികൾ**

- സർജിക്കൽ ബ്ലോക്കിലെ വാർഡുകൾ, ഫാക്കൽറ്റി റൂമുകൾ, EEG, ലാബ്, ലിഫ്റ്റ്, മാലിന്യ നിർമാർജന സംവിധാനങ്ങൾ എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചു.

- മെഡിക്കൽ കോളേജ് ക്യാമ്പസിലെ മറ്റ് കെട്ടിടങ്ങളുടെ സുരക്ഷാ ഓഡിറ്റ് നടത്തി അടിയന്തിര പ്രശ്നങ്ങൾ പരിഹരിച്ചു.
- OT കോംപ്ലക്സ്, CSSD തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കാൻ KMSCL/HITES -നെ ചുമതലപ്പെടുത്തി.
- ദുരന്തബാധിതരായ രണ്ട് രോഗികളുടെ ചികിത്സ പൂർണ്ണമായും നടത്തി, ഡിസ്ചാർജ് ചെയ്യാൻ സാധിച്ചു.

**3. ദീർഘകാല നടപടികൾ**

- ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പി.ഡബ്ല്യു.ഡി. -യുടെ സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
- വാർഡ് 6, 2, 9 എന്നിവിടങ്ങളിലെ ടോയിലറ്റ് കോംപ്ലക്സുകൾ പൊളിച്ച് പുതിയത് നിർമ്മിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.
- പേഷ്യന്റ് എൻട്രി ഏരിയ, ആംബുലൻസ് ബേ, റാംപ് എന്നിവ ഉൾപ്പെടുന്ന പുതിയ സൗകര്യങ്ങൾ EFG Block -ന്റെ സ്ഥലം ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.
- ക്യാമ്പസിലെ പഴക്കം ചെന്ന കെട്ടിടങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകി പീരിയോഡിക് സുരക്ഷാ ഓഡിറ്റ് തുടരുവാനും ശിപാർശകൾ കർശനമായി നടപ്പിലാക്കുവാനും നിർദ്ദേശം നൽകി.

**(ബി)** സർക്കാർ ആശുപത്രികളുടെ കെട്ടിടങ്ങളിലെ ബലക്ഷയം കണ്ടെത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. സംസ്ഥാനത്തെ പൊതു കെട്ടിടങ്ങളിൽ ഘടനാപരമായി ബലഹീനമായിട്ടുള്ളവയെക്കുറിച്ച് പഠനം നടത്തി പൊളിച്ചു മാറ്റേണ്ടവയുടെ കാര്യത്തിൽ അടിയന്തരമായി തുടർ നടപടികൾ സ്വീകരിക്കേണ്ടത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബലഹീനമായിട്ടുള്ള കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഉള്ള അധികാരം ജില്ലാ കളക്ടർമാർക്ക് നൽകാവുന്നതാണെന്നും അടിയന്തര ഘട്ടങ്ങളിൽ DM Act-ലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കാവുന്നതാണെന്നും തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഴയ കെട്ടിടങ്ങളുടെ തൽസ്ഥിതി വിവരങ്ങൾ ശേഖരിക്കുകയും അപകടകരമായി നിലനിൽക്കുന്നവയുടെ തീവ്രത കണ്ടെത്തി പൊളിച്ചു മാറ്റേണ്ടവയെ Major, Minor എന്നിങ്ങനെയും തരം തിരിച്ചും, അറ്റകുറ്റപ്പണികൾ ഉള്ള കെട്ടിടങ്ങളുടെ എണ്ണവും അടങ്ങുന്ന വിശദമായ പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. PWD, IIT, NIT മുതലായ സർക്കാർ ഏജൻസികളുടെ വിശദമായ പരിശോധനാ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടങ്ങളിലെ അപാകതകൾ (Retrofixing) പരിഹരിച്ച് പുനരുപയോഗിക്കുന്നതിനും അല്ലായെങ്കിൽ പൊളിച്ചു നീക്കി പുതിയ കെട്ടിടങ്ങൾ പണിയുന്നതിലേക്കായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്ത് അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സർക്കാരിന് മോണിറ്ററിംഗ് ചെയ്യുന്നതിനായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന ഫിറ്റ്നസ് പോർട്ടൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രൈസ് സോഫ്റ്റ്‌വെയറുമായി ലിങ്ക് ചെയ്ത് നടപ്പിലാക്കാനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(സി)** സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>മറുപടി:</u>** PWD, IIT, NIT മുതലായ സർക്കാർ ഏജൻസികളുടെ വിദഗ്ധമായ പരിശോധനാ റിപ്പോർട്ട് വാങ്ങി കെട്ടിടങ്ങളുടെ അപാകതകൾ (Retrofixing) പരിഹരിച്ച് പുനരുപയോഗിക്കുന്നതിനും അല്ലായെങ്കിൽ പൊളിച്ചുനീക്കി പുതിയ കെട്ടിടങ്ങൾ പണിയുന്നതിലേയ്ക്കായി ആവശ്യമായ ബഡ്ജറ്റ് വിഹിതം ഉൾപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

അടിയന്തരമായി പൊളിച്ച് മാറ്റേണ്ട കെട്ടിടങ്ങൾ പൊളിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. ആരോഗ്യ വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങൾ പൊളിക്കുന്നതിന് അനുമതി നൽകുകയും പൊളിക്കൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഉപയോഗ ശൂന്യമായ കെട്ടിടങ്ങളിൽ പൊതുജനങ്ങളോ ജീവനക്കാരോ പ്രവേശിക്കുന്നത് കർശനമായി തടയുന്നതിന് ബാരിക്കേഡുകളും മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിക്കുന്നത് ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കാൻ സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**